**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3219** **07-10-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിലുൾപ്പെട്ട പയ്യന്നൂർ മൾട്ടിപർപ്പസ് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയിൽ പുരോഗതി ഇല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി ആയിരുന്ന കിറ്റ്കോയെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യുകയും 20.09.2024ലെ ജി.ഒ(ആർ.റ്റി) നമ്പർ. 234/2024/ക.യു.വ പ്രകാരം എസ്.പി.വി. ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കുകയും ആയത് കിഫ്ബിയുടെ അംഗീകാരത്തിനായി 06.06.2025ന് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത എസ്റ്റിമേറ്റ് കിഫ്ബി പരിശോധിക്കുകയും, ടെക്ക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് 04.09.2025ന് സ്പോർട്സ് കേരള ഫൗണ്ടേഷന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടെക്ക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം പദ്ധതിയുടെ സ്ട്രക്ച്റൽ ഡിസൈനും ഡിസൈൻ മോഡലുകളും 25.09.2025ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ച ശേഷം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതാണ്. |
| (ബി) | സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (ബി) | സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് 3 മാസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് . |

സെക്ഷൻ ഓഫീസർ